കേരള സർക്കാർ

(സംഗ്രഹം)

വികേന്ദ്രീകൃതാസൂത്രണം – ശാരീരികവും മാനസികവുമായ വെല്ലുവിളികൾ – നേരിടുന്നവർക്കുള്ള വികസന പരിപാടികൾ – മാർഗ്ഗരേഖ ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---------------------------------------------------------------------------

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

സ. ഉ(എം. എസ്സ്) നമ്പർ. 35/2005/പ്ലാനിംഗ്      തിരുവനന്തപുരം, 7/04/2005

---------------------------------------------------------------------------

പരാമർശം :1. സ. ഉ (എം. എസ്) നമ്പർ. 36/2004/പ്ലാനിംഗ് തീയതി: 29-03-2004

. 2 സ. ഉ (എം. എസ്) നമ്പർ. 74/2004/പ്ലാനിംഗ് തീയതി: 13-10-2004

3. സ. ഉ (എം. എസ്) നമ്പർ. 85/2004//പ്ലാനിംഗ് തീയതി: 16-12-2004

## ഉത്തരവ്

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം ഒന്ന്, രണ്ട്, എന്നീ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗരേഖയ്ക്ക് 2005-2006 വാർഷിക പദ്ധതിയിലും പ്രാബല്യം നല്കി പരാമർശം മൂന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികളും വളർച്ചാസംബന്ധമായ വെല്ലുവിളികളും നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പായി 400 രൂപ അനുവദിക്കാവുന്നതാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

കോർഡിനേഷൻ സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ച് മാനസിക വെല്ലുവിളികളും വളർച്ചാസംബന്ധമായ വെല്ലുവിളികളും (ബുദ്ധിമാന്ദ്യം സംഭവിച്ചവർ,സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ) നേരിടുന്ന വിദ്ധ്യാർത്ഥികൾക്ക് നൽകാവുന്ന പ്രതിമാസ സ്കോളർഷിപ്പ് തുക നിലവിലുള്ള 400 രൂപയിൽ നിന്ന് 600 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. എം. വിജയാനന്ദ്

ഗവൺമെന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

6. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം

7. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം – റൂറൽ

8. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം – അർബൻ

9. ഗവൺമെന്റ് സെക്രട്ടറി, സാമൂഹ്യക്ഷേമം

10. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

11. പഞ്ചായത്ത് ഡയറക്ടർ

12. ഗ്രാമ വികസന കമ്മീഷണർ

13. നഗരകാര്യ വകുപ്പ് ഡയറക്ടർ

14. ഡയറക്ടർ, സമൂഹ്യക്ഷേമം

15. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

16. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും(ജില്ലാ കളക്ടർമാർ)

17. എല്ലാ വകുപ്പ് തലവൻമാർക്കും

18. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

19. എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ

20. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ

21. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

23. അക്കൗണ്ടന്റ് ജനറൽ(എ & ഇ); കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

24. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസർ

25. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ

26. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

27. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

28. സെക്രട്ടറി മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ

29. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

***പകർപ്പ്:***

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
6. തദ്ദേശസ്വയം ഭരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ